## വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി കുമാർ,ഐ.എ.എസ്)

വിഷയം:- വനിതാ ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 1) വനിതാ ശിശുവികസന ഡയറക്ടറുടെ 19/10/2023 തീയതിയിലെ DWCD/2499/2023-E8 നമ്പർ ഉത്തരവ്

2) വനിതാ ശിശുവികസന ഡയറക്ടറുടെ 01/02/2025 തീയതിയിലെ DWCD/86/2025-E1 നമ്പർ പരിപത്രം

3) വനിതാ ശിശുവികസന ഡയറക്ടറുടെ 06/04/2025 തീയതിയിലെ DWCD/1349/2025-E9 നമ്പർ ഉത്തരവ്

### ഉത്തരവ് നം. DWCD/3/2025-E7 തീയതി: 02-05-2025

വനിതാ ശിശുവികസന വകുപ്പിൽ പരാമർശം (3) പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്ന് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖേന ജൂനിയർ സൂപ്രണ്ട് തസ്തികയിൽ രണ്ട് ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. പരാമർശം (1) പ്രകാരമുള്ള ഹെഡ് അക്കൗണ്ടന്റുമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ സീനിയോരിറ്റി നം(15) വരെയുള്ള ഉദ്യോഗക്കയറ്റത്തിന് യോഗ്യരായ ജീവനക്കാർക്ക് ഇതിനോടകം ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചിട്ടുണ്ട്. ഈ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്ന ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ച ചുവടെ പറയുന്ന ജീവനക്കാർക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്.

സീനിയോരിറ്റി നം.(16) ശ്രീ ശിവകുമാർ ആർ

സീനിയോരിറ്റി നം.(17) ശ്രീമതി സുനിലാ ദേവി ഡി

ഈ സാഹചര്യത്തിൽ ഉദ്യോഗക്കയറ്റത്തിന് അർഹരായ മേൽ സൂചിപ്പിച്ചിട്ടുള്ള ജീവനക്കാർക്ക് KS&SSR ചട്ടം 28A(1) പ്രകാരം 43400-91200/- രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര്,തസ്തിക,ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീ ശിവകുമാർ ആർ<br>ഹെഡ് അക്കൗണ്ടന്റ്<br>ജില്ലാ വനിതാ ശിശുവികസന ഓഫീസ്, എറണാകുളം<br>പെൻ നം.455895 | ജൂനിയർ സൂപ്രണ്ട്<br>ജില്ലാ വനിതാ ശിശുവികസന ഓഫീസ്, ഇടുക്കി |
| 2 | ശ്രീമതി സുനിലാദേവി ഡി<br>ഹെഡ് അക്കൗണ്ടന്റ്<br>വനിതാ ശിശുവികസന ഡയറക്ടറേറ്റ്<br>പെൻ നം.486666 | ജൂനിയർ സൂപ്രണ്ട്<br>വനിതാ ശിശുവികസന ഡയറക്ടറേറ്റ് |

വകുപ്പിലെ ജീവനക്കാരുടെ 2025 ലെ പൊതുസ്ഥലംമാറ്റത്തിനുള്ള നടപടികൾ

പരാമർശം (2) പ്രകാരം ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ജീവനക്കാരെ നിയമിക്കുന്ന കാര്യാലയങ്ങൾ 2025 ലെ പൊതുസ്ഥലംമാറ്റത്തിൽ ഓപ്പൺ വേക്കൻസിയായി കണക്കാക്കുന്നതും പൊതുസ്ഥലംമാറ്റം അനുവദിക്കുന്നതിന്റെ ഭാഗമായി ഒഴിവ് വരുന്ന കാര്യാലയങ്ങളിലേയ്ക്ക് ഇപ്പോൾ ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ള ജീവനക്കാരെ മാറ്റി നിയമിക്കുന്നതുമാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ടപ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും ജീവനക്കാരുടെ വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

HARITHA V KUMAR

**വനിതാ ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1) ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
2) സൂപ്രണ്ട് ഐ.റ്റി സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

Signed by
Chithra T സൂപ്രണ്ട്
Date: 03-05-2025 11:42:07